മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, പാലക്കാടുള്ള സൊസൈറ്റികളുമായി ചർച്ച ചെയ്ത് അവർ ആവശ്യപ്പെട്ടതുപ്രകാരം 50% കൊടുത്താൽ മതിയെന്ന് സമ്മതിച്ചതാണ്. അങ്ങനെയാണ് 80 പൈസയുടെ വ്യത്യാസം ഉള്ളത്. 50 ശതമാനം കൊടുക്കണമെന്ന അവരുടെ അവശ്യപ്രകാരമാണ് ധനകാര്യ വകുപ്പ് 72 ലക്ഷം രൂപ കൊടുത്തത്. നെല്ല് സംഭരണത്തിന്റെ കാര്യത്തിൽ വളരെ liberal ആയിട്ടുള്ള attitude ആണ് ഗവൺമെന്റ് എടുത്തിട്ടുള്ളത്. അത് അങ്ങ് പരിശോധിച്ചു നോക്കിയാൽ മനസ്സിലാകും. ഞാൻ ഒരു വാദപ്രതിവാദത്തിനില്ല. അതുകൊണ്ടാണ് പണ്ട് കൊടുത്ത തുച്ഛമായ തുകകളൊന്നും ഞാൻ ഇവിടെ വായിക്കാതിരുന്നത്. ഇത്രയും വലിയ തുക കൊടുത്തിട്ടുള്ള ഒരു കാലഘട്ടവും മുമ്പ് ഉണ്ടായിട്ടില്ല. അത് ഗവൺമെന്റിന്റെ താൽപ്പര്യമാണ്. അങ്ങയുടെ താൽപ്പര്യത്തെ ഗവൺമെന്റ് ബഹുമാനിക്കുന്നു. അതുകൊണ്ട് നമുക്ക് ഒന്നിച്ച് ശ്രമിക്കാം. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി നമുക്ക് സ്ഥിരമായ ഒരു സംവിധാനം ഉണ്ടാക്കാം. അതിനുവേണ്ടിയുള്ള ഒരു പദ്ധതി ഇന്നുതന്നെ കേന്ദ്ര ഗവൺമെന്റിലേക്ക് അയയ്ക്കുന്നതാണ്.

VI. അറിയിപ്പ്

മലേഷ്യൻ സംഘത്തിന് അഭിവാദ്യം

മി. സ്പീക്കർ: മലേഷ്യയിൽ നിന്നും 42 പേർ അടങ്ങുന്ന മലയാളി സംഘം നോർക്കയുടെ ക്ഷണം സ്വീകരിച്ച് നമ്മുടെ സംസ്ഥാനത്ത് പര്യടനം നടത്തുന്നുണ്ട്. അവർ ഇപ്പോൾ നിയമസഭാ ഗ്യാലറിയിൽ ഇരിക്കുകയാണ്. നമുക്ക് അവരെ ഹാർദ്ദമായി അഭിവാദ്യം ചെയ്യാം.

ഇന്ന് ഈ സെഷന്റെ അവസാനത്തെ ദിവസമായതുകൊണ്ട് സബ്മിഷൻ ഉന്നയിക്കാൻ അനുമതി ചോദിച്ച മെമ്പർമാർക്കൊക്കെ അനുവാദം കൊടുത്തിട്ടുണ്ട്. 35 സബ്മിഷനാണുള്ളത്. അത് ഉന്നയിക്കുന്ന ആളുകളും മറുപടി പറയുന്ന ബഹുമാനപ്പെട്ട മന്ത്രിമാരും ഈ കാര്യം പരിഗണിക്കണം.

സബ്മിഷൻ *(തുടർച്ച)*

(2) ശബരിമല വികസനത്തിന് അടിയന്തിര നടപടി

ശ്രീ. രാജു എബ്രഹാം : സർ, കേരളത്തിലെ ആകെ ജനസംഖ്യയേക്കാൾ കൂടുതൽ തീർത്ഥാടകർ നാല് മാസക്കാലത്തിനിടയിൽ എത്തുന്ന സ്ഥലമാണ്. ശബരിമല. അവിടെ കക്കൂസുകളുടെ പണിയടക്കം, നിരവധി പ്രശ്നങ്ങളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly